(ഇ) പ്രസ്തുത ടൗൺ നവീകരണപ്രവൃത്തികൾ ഉടൻ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

കുറ്റ്യാടി നവീകരണ പ്രവൃത്തിയുടെ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും വിടുതൽ ചെയ്യുന്ന കാര്യം പരിശോധനയിലാണ്. നടപടി ക്രമങ്ങൾ പൂർത്തിയായാലുടൻതന്നെ പ്രവൃത്തി റീ-ടെണ്ടർ ചെയ്ത് പണി പുനരാരംഭി ക്കാവുന്നതാണ്. കക്കട്ടിൽ ടൗൺ നവീകരണം അനിശ്ചിതമായി നീണ്ടതിനാൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിശോധിച്ചിരുന്നു. എന്നാൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് സമയം ആവശ്യ മായതിനാൽ കരാറുകാരന് ഒരവസരംകൂടി നൽകാൻ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ 24-7-2021-ന് പ്രവൃത്തി പുനരാരംഭിക്കുക യുണ്ടായി.

### മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ

11(2367) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2018-19 വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് എഫ്.ഡി.ആർ. ഫണ്ട് വകയിരുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ആയതിൽ ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക, ഭരണാനുമതി നൽകിയ തീയതി, സാങ്കേതികാനുമതി നൽകിയ തീയതി എന്നീ വിശദാംശങ്ങൾ അറിയിക്കാമോ;

&

(സി) ഇതിനകം സാങ്കേതികാനുമതി ലഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ ആയതിന്റെ കാരണം അറിയിക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

### കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

12(2368) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ അറ്റകുറ്റപ്പണി, റീ-ടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ, അഴുക്കുചാൽ നിർമ്മാണം തുടങ്ങിയവ സംബന്ധിച്ച് നിലവിൽ ഏതെല്ലാം പ്രൊപ്പോസലുകളാണുള്ളതെന്നും പ്രസ്തുത പ്രൊപ്പോസലുകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിലുണ്ടായിരുന്ന ദേശീയപാത 966-ൽ 12-5-2020-ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം S.O.1507(E) പ്രകാരം ഭാരതമാല പര്യോജനയിൽ ഉൾപ്പെടുത്തി 4/6 വരിപ്പാതയായി വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊണ്ടോട്ടി ൗൺ വരുന്ന ഭാഗത്തെ അറ്റകുറ്റപ്പണികൾക്കായി 13.66 ലക്ഷം രൂപയുടെ ഭരണാനുമതി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗതിയിലാണ്. നിരത്തു വിഭാഗത്തിനു കീഴിൽ ഫണ്ട് ലഭ്യത അനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്.

## മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിന്റെ നിലവിലെ സ്ഥിതി

13(2369) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മൂന്നാർ ദേശീയ പാത എൻ.എച്ച്. 85-ൽ മാതിരപ്പിള്ളി മുതൽ കോഴിപ്പിള്ളി വരെയുള്ള 3.5 കി.മി. ദൂരം വരുന്ന മാതിരപ്പിള്ളി-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയെ ഭാരത് മാല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) മൂന്നാർ മുതൽ കൊച്ചിവരെ 120 കി.മീ. ദൂരത്തിലുള്ള റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. ആയതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്, സ്റ്റാൻഡ് എലോൺ പ്രോജക്ടായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് എൻ.എച്ച്. വിംഗ് റിക്വസ്റ്റ് ലെറ്റർ നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ഇ) മേൽ സാഹചര്യത്തിൽ പ്രസ്തുത മാതിരപ്പിള്ളി-കോഴിപ്പിള്ളി ബൈപ്പാസ്, സ്റ്റാൻഡ് എലോൺ പ്രോജക്ടായി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly